**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6387** **20-03-2023 - ൽ മറുപടിയ്ക്ക്**

**പാട്ട വ്യവസ്ഥയിലെ വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ വനവിസ്തൃതി എത്ര ശതമാനമാണ് എന്ന് അറിയിക്കുമോ; | (എ) | 2020-21 ലെ ഭരണ റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.66 ശതമാനമാണ് വനവിസ്തൃതി. |
| (ബി) | പാട്ട വ്യവസ്ഥയിലെ വനഭൂമി കാലാവധി കഴിഞ്ഞിട്ടും അനധികൃതമായി കൈവശം വച്ചിരിക്കുന്നത് തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പാട്ട കാലാവധി കഴിഞ്ഞ വനഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇത്തരത്തിലുള്ള എത്ര ഹെക്ടർ വനഭൂമി ഈ സർക്കാർ കാലയളവിൽ നാളിതുവരെ തിരികെ പിടിച്ചിട്ടുണ്ട് എന്നും എത്ര ഹെക്ടർ വനഭൂമി തിരികെ പിടിക്കാനുണ്ട് എന്നും വ്യക്തമാക്കുമോ? | (സി) | കോട്ടയം ഹൈറേഞ്ച് സർക്കിളിന്റെ കീഴിൽ 449.8 ഹെക്ടറും, വൈൽഡ് ലൈഫ്, പാലക്കാട് സർക്കിളിൽ 21.54 ഹെക്ടറും, തൃശ്ശൂർ സെൻട്രൽ സർക്കിളിൽ 475.5 ഹെക്ടർ സ്ഥലവും കൂടി ആകെ 946.84 ഹെക്ടർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിനു കീഴിൽ 1709.6189 ഹെക്ടറും തൃശ്ശൂർ സെൻട്രൽ സർക്കിളിൽ 0.504 ഹെക്ടർ സ്ഥലവും കൂടി ആകെ 1710.1229 ഹെക്ടർ സ്ഥലം തിരികെ പിടിച്ചെടുക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ